# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി4)959/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/07/2024
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാവക്കാട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2.അസി.ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), തൃശൂർ
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി4)959/2024 — തീയ്യതി: 23/07/2024

## തൃശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-07-2023 മുതൽ 20-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ (ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്ജ്) | 21-06-2024 | 25-06-2024 |
| ശ്രീ. വിനോദ് ശ്രീധർ | ജോയിന്റ് ഡയറക്ടർ | 26-06-2024 | 28-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2024 | 28-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നിർമ്മൽ.കെ.ജി,ഓഡിറ്റ് ഓഫീസർ
ശ്രീ.സിനിലാൽ എം. ജി.,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമ.വി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.സി.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നഫീസത്തുൾ മിസ്രിയ | പ്രസിഡന്റ് | 01-04-2023 | 20-04-2023 |
| ശ്രീ.മുഹമ്മദുണ്ണി (വൈസ് പ്രസിഡന്റ്)(ഇൻ-ചാർജ്ജ്) | പ്രസിഡന്റ് | 21-04-2023 | 07-05-2023 |
| ശ്രീമതി.ആഷിദ | പ്രസിഡന്റ് | 08-05-2023 | 31-03-2024 |
| ശ്രീ.ധനേഷ് ബി. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സനിൽകുമാർ എം.വി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.ഷിധി എൻ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 18-03-2024 |
| ശ്രീമതി.രോഹിണി സുരേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ( ഇൻ ചാർജ്ജ്) | 19-03-2024 | 31-03-2024 |
| ശ്രീ.മനോജ് എ.എൻ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2023 | 10-01-2024 |
| ശ്രീമതി.ഫാജിതാ റഹ്മാൻ എം. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ( ഇൻ ചാർജ്ജ്) | 11-01-2024 | 31-03-2024 |
| ഡോ..പിഷാരടി അനിൽ നാരായണന് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.വടക്കേകാട് | 01-04-2023 | 30-06-2023 |

| | | | |
|---|---|---|---|
| ഡോ. നിത ടി.ജി. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.വടക്കേകാട് | 01-07-2023 | 31-03-2024 |
| ശ്രീമതി.വിധു.വി.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.നവ്യ രാമചന്ദ്രൻ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 25-06-2023 |
| ശ്രീ.മനോജ് ടി. | വ്യവസായ വികസന ഓഫീസർ | 26-06-2023 | 31-03-2024 |
| ശ്രീമതി.യമുന.കെ. | ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ഫെബിനോസ് കെ. | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 26-04-2023 |
| ശ്രീമതി.നിക്കി.സി.ഡി. | പട്ടികജാതി വികസന ഓഫീസർ | 27-04-2023 | 30-07-2023 |
| ശ്രീമതി.നൈന ബേബി | പട്ടികജാതി വികസന ഓഫീസർ | 31-07-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | കണ്ണോത്ത് കുളം കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തിക്കായി ചെലവഴിച്ച 4228614/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത് ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-4 |
| 6 | ആസ്തി വാങ്ങിയ ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-5 |
| 7 | Redemption Amount തിരികെ ലഭ്യമായില്ല | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -മുഴുവൻ പലിശയും ബാധ്യതാ ശീർഷകത്തിൽ വരവ് വെച്ചില്ല | 1-1-8 |
| 10 | ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക " Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | Prior Period -ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ കണക്കാക്കി | 1-1-14 |
| 16 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-15 |
| 17 | ലേലം രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | ഫണ്ട് വിനിയോഗം | 1-3 |
| 21 | പദ്ധതി അവലോകനം | 1-4 |
| 22 | ക്യാഷ് പരിശോധന | 1-5 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 24 | സുലേഖ ചെലവ് പത്രികയിൽ ചെലവ് തുക രേഖപ്പെടുത്തിയിട്ടില്ല | 1-7 |
| 25 | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-8 |
| 26 | ഐ.കെ.എം സേവനങ്ങൾക്ക് തുക നൽകൽ -വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-9 |
| 27 | പെരിയമ്പലം ലക്ഷം വീട് കോളനിയിൽ മിനി ഹൈമാസ്റ്റ് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-10 |
| 28 | ഭൂമി വാങ്ങുന്നതിന് ധനസഹായം-ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല | 1-11 |
| 29 | ബ്ലോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ ടേക്ക് എ ബ്രേക്ക് പദ്ധതി-കെട്ടിട നിർമ്മാണം പൂർത്തീകരിക്കണം-തുടർ നടപടി സ്വീകരിക്കണം. | 1-12 |
| 30 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ കണ്ണോത്ത് കുളം കെട്ടി സംരക്ഷിക്കൽ-ഭൂമി പൂർണ്ണമായും അളന്ന് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം. തുടർ നടപടി വിവരം ലഭ്യമാക്കണം. | 1-13 |
| 31 | മാലിന്യ സംസ്കരണം അവലോകനം | 1-14 |
| 32 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-15 |
| 33 | ഇ.സി.ജി മെഷീൻ വാങ്ങൽ-കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായി കരാറിലേർപ്പെട്ടിട്ടില്ല | 1-16 |
| 34 | ജനറേറ്റർ സ്ഥാപിക്കുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തു-ജനറേറ്റർ ലഭ്യമായിട്ടില്ല | 1-17 |
| 35 | ബയോ കെമിസ്ട്രി അനലൈസർ ലഭ്യമായിട്ടില്ല | 1-18 |
| 36 | സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം - അപാകതകൾ | 1-19 |
| 37 | എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല | 1-20 |
| 38 | ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 6.06.2024 ലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 23.07.2024**

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4498979 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 89121 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 കണ്ണോത്ത് കുളം കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തിക്കായി ചെലവഴിച്ച 4228614/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 115/24- " നഗര സഞ്ചയം 2021-26- കണ്ണോത്ത് കുളം കെട്ടി സംരക്ഷിക്കൽ വാർഡ് 10 പുന്നയൂർക്കളം "എന്ന പ്രവൃത്തിക്കായി ചെലവഴിച്ച 4228614/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് അർബൻ അഗ്ലോമറേഷൻ ഫണ്ടിനത്തിൽ ലഭിച്ച 4228614/- രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ വരേണ്ട തുകയായിരുന്നു. എന്നാൽ ഇ-ടെണ്ടർ ഫീയുടെ വരവ് വരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ SBI ലുള്ള കറന്റ് അക്കൗണ്ടിലാണ് (A/C No.38691977328) 26.10.23 ന് 3150044 രൂപയും 26.03.24 ന് 768444 രൂപയും 27.03.24 ന് 310126രൂപയും നെഫ്റ്റ് ട്രാൻസ്ഫർ മുഖേന വരവ് വന്നിരിക്കുന്നത്. ഇതേ അക്കൗണ്ടിൽ നിന്ന് തന്നെയാണ് ചെലവും ചെയ്തിരിക്കുന്നത്. ആയതിനാൽ മേൽ തുകകളുടെ വരവ് , ചെലവ് വിവരങ്ങൾ വാർഷിക കണക്കിലെ റെസീപ്റ്റ് &പെയ്മെന്റ്, ഇൻകം &എക്സ്പെന്റിച്ചർ ,ബാലൻസ് ഷീറ്റ് എന്നീ പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റ് , എ സി ആർ എന്നിവയിൽ ഈ തുകയുടെ ചെലവ് വന്നിട്ടുണ്ടെങ്കിലും ലോക്കൽ സാംഖ്യയിൽ പെയ്മെന്റ് ഓർഡർ അടിക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത് ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460........- Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ

വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ/ തിയ്യതി | ഡെപ്പോസിറ്റ് തുക/നിർവ്വഹണ ഏജൻസി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 99/24-പെരിയമ്പലം ലക്ഷംവീട് കോളനി സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 22300803/ 12.03.24 | 220000/ANERT | 250500302 | 460500...-Advance To Implementing Agencies- |
| 2 | 102/24-കടപ്പുറം സി.എച്ച്.സി യിലേക്ക് ജനറേറ്റർ സ്ഥാപിക്കൽ | 22300870/ 21.07.23 | 847661/ PWD | 412010101 | 460500...-Advance To Implementing Agencies- |

## 1-1-5 ആസ്തി വാങ്ങിയ ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ ആസ്തിയുടെ ചെലവ് അതാത് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

| പ്രോജക്റ്റ് | വൗച്ചർ/ തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 130/24-ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് വേണ്ട വിവര സാങ്കേതികാ വിദ്യാ ഉപകരണങ്ങൾ വാങ്ങൽ | 22300637/11.3.24 | 66800/- | 251200701-Other Programs In Health Sector -General |
| 121/24- സി ഡി പി ഒ ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 22300761/26.8.23 | 499454/- | 412010101-Capital Work In Progress |
| 75/24- കടപ്പുറം സി എച്ച് സി യിലേക്ക് ഇ സി ജി മെഷീൻ വാങ്ങൽ | 22300728/13.9.23 | 111842/- | 412010101-Capital Work In Progress |

## 1-1-6 Redemption Amount തിരികെ ലഭ്യമായില്ല

ബി -4 ഷെഡ്യൂളിലെ 320700208 Contributions For Joint Venture Projects (For Centrally Sponsored Scheme) - From Village Panchayats എന്ന ബാധ്യതാ ശീർഷകത്തിൽ 31.3.24 ൽ 1491892 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിന് തത്തുല്യമായ ട്രഷറി അക്കൗണ്ടിൽ (നം.799011400002766) നീക്കിയിരിപ്പ് പൂജ്യം ആണ്. 31.3.24 ന് ട്രഷറിയിൽ നിന്നും സർക്കാർ പിൻവലിച്ച ഈ തുക നാളിതുവരെയായിട്ടും തിരികെ ലഭിച്ചിട്ടില്ല. ബി -15 ഷെഡ്യൂളിലെ 431600199 Receivables From Government (Redemption Amount) എന്ന ശീർഷകത്തിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമില്ല.

## 1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവായി സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 10064894 രൂപയും വാർഷിക കണക്കിലെ Income And Expenditure Scedule I-6 പ്രകാരം 8544243 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 6005435 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയവ പൊരുത്തപ്പെടുന്നില്ല.

## 1-1-8 ധനകാര്യ കമ്മീഷൻ ഗ്രാന്റ് -മുഴുവൻ പലിശയും ബാധ്യതാ ശീർഷകത്തിൽ വരവ് വെച്ചില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് പാസ്സ്ബുക്ക് (BANK OF BARODA-CFC-PFMS-5350) പ്രകാരം 136880 രൂപ പലിശ വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പലിശ വരവ് വന്ന തിയ്യതി | തുക |
|---|---|
| 4.5.23 | 47721 |
| 6.8.23 | 29469 |
| 30.9.23 | 19352 |
| 30.12.23 | 23247 |
| 31.3.24 | 17091 |
| ആകെ | 136880 |

ഇതിൽ 28949 രൂപ മാത്രമാണ് CFC-Untied ന്റെ ബാധ്യതാ ശീർഷകത്തിൽ (320200112) വരവ് വെച്ചിരിക്കുന്നത്. ബാക്കി തുക 171100101-Interest From Bank Accounts എന്ന വരവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ CFC-Untied ന്റെ ആകെ വരവും നീക്കിയിരിപ്പും (ഖണ്ഡിക 1-3 കാണുക) വ്യത്യാസപ്പെട്ടിരിക്കുന്നു. നിലവിൽ വാർഷിക കണക്ക് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ B4, B17 നീക്കിയിരിപ്പുകൾ തുല്യമാണ്. എന്നാൽ മേൽ പ്രകാരം മുഴുവൻ പലിശയും CFC-Untied ന്റെ ബാധ്യതാ ശീർഷകത്തിൽ വരവ് വെച്ചാൽ B4, B17 നീക്കിയിരിപ്പുകളിൽ വ്യത്യാസം വരും. മേൽ വ്യത്യാസം 2024-25 ലെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ Prior Period ശീർഷകത്തിൽ ചേർത്ത് ക്രമീകരിക്കേണ്ടതാണ്.

## 1-1-9 ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക " Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2024 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-10 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും). ബാങ്ക് അക്കൗണ്ട് പ്രകാരം (No. 1989101010002 ) 35120 രൂപയുടെ നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് വിവരം ബി – 17 ൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-11 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്‌ട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-13 Prior Period -ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800301-Prior Period-Operations And Maintenance Expenses | 430288 |
| 280800701-Prior Period- Miscellaneous Expenses | (18747434) |

## 1-1-14 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ കണക്കാക്കി

31/3/2024 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 88109/-രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2024 ലെ Accumalated Depreciation 1049786/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-15 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം "Loans,Advances And Deposits"എന്ന ശീർഷകത്തിൽ 442758/-രൂപയാണ് നീക്കിയിരിപ്പ് ഉള്ളത്. ഇത് "Advance To Others" – ശീർഷകത്തിൽ MGNREGS മുൻകൂർ നല്കിയ തുകയാണ്. അഡ്വാൻസ് രജിസ്റ്ററിൽ ഈ തുകയുടെ വിവരങ്ങൾ മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് വർക്കിന് ANERT, PWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ അഡ്വാൻസിന്റെ വിവരങ്ങൾ രജിസ്റ്ററിലും ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 ലും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-16 ലേലം രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

റെസീപ്റ്റ് & പെയ്മെന്റ് ഷെഡ്യൂൾ RP-5ൽ Sale Of Scrap ഇനത്തിലെ വരവ് 113136 രൂപയാണ്. എന്നാൽ ലേലം രജിസ്റ്റർ പ്രകാരം 196798/-രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ലേലതുക മുഴുവൻ വരവ് വന്നിട്ടുണ്ടെങ്കിലും Auction Deposit ബാധ്യതാ ശീർഷകത്തിൽ നിന്നും തുക ക്രമീകരിക്കാത്തതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. ആയത് വരും വർഷം വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ Prior Period ശീർഷകത്തിൽ ചേർത്ത് ക്രമീകരിക്കേണ്ടതാണ്.

## 1-1-17 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| Head Of Account | Amount |
|---|---|
| 410300101-Roads - Cement Concrete | 143781 |
| 410300102- Roads Tarred | 7878624 |
| 410300103- Roads Metal | 5872682 |
| 410300104-Roads Gravel | 798909 |
| 410300105-Roads Earthern | 1820680 |
| 410300301-Culverts | 4204021 |
| 410300302-Bridges | 11412 |
| 410400101-Drinking Water- Sources | 1229850 |
| 410400103-Drinking Water- Pipe Lines | 97353 |

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 23/03/2023 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 285305843 | 282009947 |
| റിവൈസ്സ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി | 06/02/2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 253615901 | 243699574 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 27315000 | 27315000 | 17220012 | 10094988 |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 8838000 | 8838000 | 5891750 | 2946250 |
| വികസന ഫണ്ട് –ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 7772000 | 7772000 | 6497984 | 1274016 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied | 3768797 | 3392000 | 7160797 | 4706783 | 2454014 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | 290667 | *4659880 (4523000+ Int 136880) | 4950547 | 3837460 | 1113087 |

വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളാണ്(CFC-Untied ഒഴികെ ) ഫണ്ട് വിനിയോഗത്തിൽ ചേർത്തിരിക്കുന്നത്.

*വാർഷിക കണക്കിലെ RP-31 ഷെഡ്യൂളിൽ CFC-Untied ന്റെ (320200112) വരവ് പലിശ 28949രൂപ ഉൾപ്പെടെ 4551949 (4523000+ Int 28949) രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ്ബുക്ക് (BANK OF BARODA-CFC-PFMS-5350) പ്രകാരം 136880 രൂപ പലിശ വന്നിട്ടുണ്ട്. യഥാർത്ഥ പലിശ ചേർത്ത തുകയാണ് ഫണ്ട് വിനിയോഗത്തിൽ വരവ് ആയി ചേർത്തിരിക്കുന്നത്. ആയതിനാൽ CFC-Untied ന്റെ B4 പ്രകാരമുള്ള നീക്കിയിരിപ്പും ഫണ്ട് വിനിയോഗത്തിലെ നീക്കിയിരിപ്പും തമ്മിൽ വ്യത്യാസം ഉണ്ട് (ഖണ്ഡിക 1-1- 17 കാണുക).

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എന്നതിന്റെ ശതമാനം |
|---|---|---|---|---|---|
| 118 | 89239131 | 83 | 52786472 | 59.15% | 70.34% |

## 1-5 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2024 തീയതിയിൽ 3.20 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഓഡിറ്റ് നിരീക്ഷണങ്ങൾ ആയി ഭാഗം 1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 സുലേഖ ചെലവ് പത്രികയിൽ ചെലവ് തുക രേഖപ്പെടുത്തിയിട്ടില്ല

ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നം.28/24 അനുപൂരക പോഷകാഹാരം എന്നതിനായി 300000/-രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.ആയതിൽ ആകെ 138046 രൂപ ചെലവ് വന്നിട്ടുണ്ട്(വൗച്ചർ നം.22300613/23.03.2024 തുക.46339/-,വൗച്ചർ നം.22300612/22.03.2024 തുക.41707/-വൗച്ചർ നം 22300500/17.02.2024 തുക.50000/-).എന്നാൽ മേൽ തുകയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.15/27.06.2024)

## 1-8 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

സെക്രട്ടറി നടപ്പാക്കിയ PMAY ജനറൽ, എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി തൻവർഷത്തിൽ പദ്ധതി നം. 1/24, 2/24 പ്രകാരം യഥാക്രമം 10.88 ലക്ഷം 6.3 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിരുന്നു. ഈ ഗുണഭോക്താക്കളിൽ മൂന്നു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | പഞ്ചായത്ത് | വിഭാഗം | നൽകിയ തുക | പൂർത്തീകരിച്ചത് |
|---|---|---|---|---|---|
| 1 | സുജാത ശ്രീധരൻ, വാരിയത്ത് പറമ്പിൽ | പുന്നയൂർക്കുളം | എസ്.സി | 306000 | ലിന്റൽ |
| 2 | ഉണ്ണികൃഷ്ണൻ, പയ്യപ്പിള്ളി | കടപ്പുറം | എസ്.സി. | 230000 | ബേസ് |
| 3 | പ്രിയ പുഷ്പാകരൻ, തെക്കഞ്ചേരി വീട് | പുന്നയൂർക്കുളം | ജനറൽ | 306000 | ലിന്റൽ |

മേൽ സൂചിപ്പിച്ച മൂന്നു ഗുണഭോക്താക്കളിൽ നിന്നും കൈപറ്റിയ തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-9 ഐ.കെ.എം സേവനങ്ങൾക്ക് തുക നൽകൽ -വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

1. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നം.149/24 പദ്ധതി പ്രകാരം 10,00,000/-രൂപ ഐ.കെ.എം. ന് നൽകിയിട്ടുണ്ട്. (**വൗച്ചർ നം.22300797/27.3.2024**) തദ്ദേശ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി മെമ്പർ ഫീസ് ഇനത്തിൽ പ്ലാൻഫണ്ടിൽ നിന്നും തുക വകയിരുത്തി ജി.ഒ. പ്രോജക്ടായി ഐ.കെ.എം. ന് നൽകുന്നതിന് 05.03.24 ലെ സ.ഉ.(സാ)നം.538/2024/LSGD ഉത്തരവിലൂടെ നിർദ്ദേശിച്ചതനുസരിച്ചാണ് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 799010100348424 നം ട്രഷറി അക്കൗണ്ടിലേക്ക് മേൽ പ്രകാരം തുക ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപറ്റ് വിവരം, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭിച്ചിട്ടില്ല.

2. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി നം. 3/24 പ്രകാരം 2023-24വർഷത്തിൽ ഐ.കെ.എമ്മിന് പ്രവർത്തന ഫണ്ട് നൽകുന്നതിന് 52,802 രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22 മുതൽ 2023-24 വരെ കാലയളവിൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രവർത്തന ഫണ്ടിനത്തിൽ ഐ.കെ.എമ്മിന് നൽകാനുള്ള 52,802 രൂപ 09.03.23ലെ നം.762/A7/IKM/2023 കത്ത് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് പ്ലാൻഫണ്ടിൽ നിന്നും **22300677/18.08.2023** വൗച്ചർ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ വെള്ളയമ്പലം സ്വരാജ് ഭവൻ എസ്.ബി.ഐ ശാഖാ 57047023512നം അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച രണ്ട് വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-10 പെരിയമ്പലം ലക്ഷം വീട് കോളനിയിൽ മിനി ഹൈമാസ്റ്റ് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി നം.99/24 പ്രകാരം പെരിയമ്പലം ലക്ഷം വീട് കോളനിയിൽ മിനി ഹൈമാസ്റ്റ് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 2,20,000/- രൂപ അനർട്ടിന് നൽകിയിട്ടുണ്ട്. അനർട്ട് നൽകിയ എസ്റ്റിമേറ്റ് നം.60/Admn/ANERT/TSR/2023 Dt.21.2.23 പ്രകാരം 24W X 4 എണ്ണം ലാമ്പുകളുള്ള Model-4 Solar Street Light സ്ഥാപിക്കുന്നതിനാണ് വൗച്ചർ നം.22300803/12.03.24പ്രകാരം തുക അനർട്ട് ജില്ലാ എഞ്ചിനീയർ തൃശൂരിന്റെ നം.67144006400 അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർ നടപടികൾ ബ്ലോക്ക് ഡിവിഷൻ മെമ്പറുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 28.2.24 ലെ BP.416/24 കത്ത് പ്രകാരം സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11 ഭൂമി വാങ്ങുന്നതിന് ധനസഹായം-ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ 132/24 മേൽ പദ്ധതി പ്രകാരം സാമൂഹിക സാമ്പത്തിക ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതയായ പി.എം.എ.വൈ. ഗുണഭോക്താവായ ശ്രീമതി. സിന്ധു അശോക്, കുണ്ടു വീട്ടിൽ, ഒരുമനയൂർ എന്നവർക്ക് ഭൂമി വാങ്ങുന്നതിനായി 2,25,000രൂപ വസ്തു വിൽപ്പന നടത്തിയ ശ്രീമതി ശാരദ അമ്മ എന്നയാളുടെ അക്കൗണ്ടിലേക്ക് എസ്.സി ഫണ്ടിൽ നിന്നും വൗച്ചർ നം. 22300812/04.01.2024 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തോ, ബ്ലോക്ക് പഞ്ചായത്തോ ഗുണഭോക്താവിനെ അംഗീകരിച്ച തീരുമാനം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ ടേക്ക് എ ബ്രേക്ക് പദ്ധതി-കെട്ടിട നിർമ്മാണം പൂർത്തീകരിക്കണം-തുടർ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദ്ധതി നം. 116/24

അടങ്കൽ .75,86,727/- ചെലവ്.42,28,614/-

2020-21 ലെ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുക്കേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും പൊതു ടോയ്‌ലറ്റുകൾ, ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 06.03.2020 ലെ സ.ഉ.(കൈ) നം.45/2020ത.സ്വ.ഭ.വ ഉത്തരവിലുടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഉയർന്ന നിരവാരമുള്ള പൊതു ശുചിമുറി സമുച്ചയങ്ങൾ, ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ എന്നിവ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്നതിനും, ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ/കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും കുറഞ്ഞത് ഒന്നു വീതവും, വലിയ നഗരസഭകളിൽ രണ്ട് വീതവും കോർപ്പറേഷൻ പരിധിയിൽ അഞ്ച് വീതവും 31.3.2021 നകം നിർമ്മിച്ച് വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻവെന്റിംഗ് സംവിധാനം എന്നീ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ജനങ്ങൾ കൂടുതലായെത്തുന്ന ഇടങ്ങളിൽ പേ ഏന്റ് യൂസ് സംവിധാനത്തിലൂടെ ആളെ ചുമതലപ്പെടുത്തുന്നതിനും, അല്ലാത്ത ഇടങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പരിപാലനം നടത്തുന്നതിനും ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ ചാവക്കാട്-പൊന്നാനി റൂട്ടിൽ ചാവക്കാട് നഗരസഭാ പരിധിയിൽ മണത്തല പ്രദേശത്ത് ദേശീയ പാത 66 നരികിലായി സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രം സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തിൽ പദ്ധതി തയ്യാറാക്കുകയുണ്ടായി. കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി 15.54 ലക്ഷവും നിർമ്മൽ ഗ്രാമപുരസ്കാര തുകയിൽ 14.44 ലക്ഷവും ഉൾപ്പെടുത്തി 29.9 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ 15.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2022-23 ലും 10.44 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2023-24 വർഷത്തിൽ ചെലവഴിച്ചതടക്കം ആകെ 26.4 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചതായി കണ്ടു. എന്നാൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് ടേക്ക് എ ബ്രേക്ക് പദ്ധതി ലക്ഷ്യം നേടിയിട്ടില്ല.

**ഓഡിറ്റ് നിരീക്ഷണങ്ങൾ**

1. തദ്ദേശസ്ഥാപന തലത്തിൽ പൊതു ടോയ്‌ലറ്റ്/ടേക്ക് എ ബ്രേക്ക് സംവിധാനം സ്ഥാപിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുന്നതിനും ഇതിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളും, അവരുടെ പദവികളും-സ്ഥാനമാനങ്ങളും സംബന്ധിച്ച് 06.03.2020 ലെ സ.ഉ.(കൈ) 45/2020 ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി മേൽ പ്രകാരം കമ്മിറ്റി രൂപീകരിച്ചതിന്റെ വിവരങ്ങൾ, കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. 27.07.2020ലെ സ.ഉ. (സാധാ) നം.1401/2020ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംസ്ഥാന/ദേശീയപാതയോരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾക്ക് എന്നിവയ്ക്ക് സമീപമോ, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലോ ഉയർന്ന നിലവാരമുള്ള ശുചിമുറി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ നിർമ്മിക്കുമ്പോൾ വഴിയാത്രക്കാരായ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതിനായി വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ കെട്ടിടത്തിൽ ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ ഭാഗമായി രണ്ട് ഷോപ്പ് റൂമുകൾ, മൂന്ന് ടോയ്‌ലറ്റുകൾ യൂറിനൽസ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മതിയായ വിശ്രമസ്ഥലം കെട്ടിടത്തിൽ ഉള്ളതായി കാണുന്നില്ല. ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. പ്രതിദിനം 150 ലധികം ആളുകൾ ഉപയോഗിക്കുമെന്ന് കരുതുന്ന പ്രീമിയം തല ശുചിമുറി സമുച്ചയങ്ങളോട് ചേർന്ന് കോഫി/റിഫ്രഷ്മെന്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, കുടുംബശ്രീയുമായി കരാറിലേർപ്പെട്ട് ഇവ നടത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയതു പ്രകാരം കെട്ടിടത്തിൽ കോഫീ ഷോപ്പിനുള്ള സ്ഥലം കൂടി ഉൾപ്പെടുത്തി 148 ച.മീറ്റർ വിസ്തൃതിയിൽ 26.4 ലക്ഷം രൂപ ചെലവിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ പ്രദേശത്തു നിന്നും അകന്ന് താരതമ്യേന വാണിജ്യ പ്രാധാന്യം തീരെ കുറവായ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന മണത്തല പ്രദേശത്ത് ദേശീയപാത നിർമ്മാണം പൂർത്തിയാകുമ്പോൾ സർവ്വീസ് റോഡിനോട് ചേർന്നു വരുന്ന ഈ ഭാഗത്ത് ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിച്ചതു വഴി ലക്ഷ്യമിട്ടതു പ്രകാരം പ്രയോജനം യാത്രികർക്ക് ലഭിക്കുന്നതിന് സാധ്യത കുറവാണ്.

4. ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തിപ്പിക്കാൻ മതിയായ തുക കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ തദ്ദേശ സ്ഥാപനവും കുടുംബശ്രീ യൂണിറ്റും ചേർന്ന് മാനേജ്മെന്റ് ഫീസ് നിശ്ചയിക്കുന്നതിനും, പോരാതെ വരുന്ന തുക തദ്ദേശ സ്ഥാപനത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി നൽകുന്നതിനും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് എടുത്തതായി കാണുന്നില്ല. കുടുംബശ്രീ മുഖേനയോ, മറ്റേതെങ്കിലും വിധത്തിലോ ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നിയമാവലി തയ്യാറാക്കി തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. 2020-21 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 13ാം പദ്ധതികാലയളവിൽ നടപ്പാക്കുന്നതിന് നിർദ്ദേശിച്ച ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം 27.07.2020ലെ സ.ഉ. (സാധാ) നം.1401/2020ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 2020 ഡിസംബർ 31 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തിൽ പദ്ധതി രൂപീകരിക്കുകയും, സിവിൽ പ്രവൃത്തികളുടെയും, ഇലക്ട്രിക്കൽ പ്രവൃത്തികളുടേയും നിർമ്മാണം സ്പിൽ ഓവറായി 2024 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചതിന്റെ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പരിശോധനാ സമയത്ത് 20.35ച.മീറ്റർ ഷോപ്പ് ഏരിയ, 43.95ച.മീറ്റർ കോഫി ഷോപ്പ് ഏരിയ എന്നിവയുടെ ഫ്ലോറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നും, മുറികൾക്ക് ഷട്ടറുകൾ സ്ഥാപിച്ചിട്ടില്ല എന്നും കണ്ടു. അതുകൊണ്ടു തന്നെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ മുകളിലായി ക്ഷീര വികസന ഓഫീസറുടെ കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതിനാൽ ഫ്ലോറിംഗ്, ഷട്ടർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഒഴിവാക്കേണ്ടതായി വന്നു എന്ന് എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയുണ്ടായി. ആയതിനാൽ ആവശ്യമായ മറ്റു പ്രവൃത്തികൾ കൂടി അടിയന്തിരമായി ചെയ്തു തീർത്ത് കെട്ടിടം പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ കണ്ണോത്ത് കുളം കെട്ടി സംരക്ഷിക്കൽ-ഭൂമി പൂർണ്ണമായും അളന്ന് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം. തുടർ നടപടി വിവരം ലഭ്യമാക്കണം.

